# 11-09-2018 ൽ ചേർന്ന ദ്വൈമാസ അവലോകന യോഗ നടപടി ചുരുക്കം

രണ്ടു മാസത്തെ ഇടവേളയ്ക്കു ശേഷം 11-09-2018ൽ വകുപ്പദ്ധ്യക്ഷയുടെ മേൽനോട്ടത്തിൽ ഉച്ചയ്ക്ക് 2 മണിയ്ക്ക് ഡയറക്ടറുടെ കാര്യാലയത്തിൽ ദ്വൈമാസ അവലോകന യോഗം ചേർന്നു. പങ്കെടുത്ത മേധാവികളുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു. 20-06-2018ൽ നടന്ന യോഗത്തിന്റെ മിനിറ്റ്സിൽ പരാമർശിച്ച വിഷയങ്ങൾ ചർച്ച ചെയ്തതിനു പുറമേ സൂപ്രണ്ടുമാരുടെ സംശയങ്ങൾക്ക് മറുപടി നല്കിയതോടൊപ്പം താഴെ കൊടുക്കുന്ന വസ്തുതകൾ ചർച്ച ചെയ്തു തീരുമാനം എടുത്തു.

1. പച്ചക്കറി കൃഷിയ്ക്കായി ഫണ്ട് നൽകിയിട്ടുള്ള ആശുപത്രികൾ ഒന്നും തന്നെ റിപ്പോർട്ട് നൽകിയിട്ടില്ല. എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

2. സ്ഥാപനങ്ങളിലെ മിനിസ്റ്റീരിയൽ സ്റ്റാഫിനു കമ്പ്യൂട്ടർ ട്രെയിനിംഗ് ആവശ്യമെങ്കിൽ അവരുടെ ലിസ്റ്റ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേന നൽകേണ്ടതാണ്.

3. ആശുപത്രികളിലെ കുക്കിനെ (Sanctioned Post ഉള്ള സ്ഥാപനങ്ങളിൽ) Employement Exchange മുഖേന റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിയമനം നടത്താവുന്നതാണ്.

4. പ്ലാൻ ഫണ്ടിൽ നിന്നും Furniture വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ മധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മാത്രമാണ് സമയബന്ധിതമായി നൽകിയട്ടുള്ളത്. ആയതിനാൽ സെൻട്രൽ സോണിന് മാത്രമേ ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും Furniture വാങ്ങി നൽകാൻ കഴിയൂ.

5. ഇ.എസ്.ഐ കോർപ്പറേഷൻ ആവിഷ്കരിച്ച പ്രൊജക്റ്റ് പഞ്ചദീപിന്റെ ഭാഗമായി Dhanwantri എല്ലാ ആശുപത്രി സൂപ്രണ്ടുമാരും അവരുടെ ഫീഡിങ് ഡിസ്പെൻസറികളുടെ നിലവാരം വിലയിരുത്തേണ്ടതാണ്.

6. Asset Register തയ്യാറാക്കുന്നതിനായി IT Manager/ IT Assistant ന്റെ സേവനം അത്യാവശ്യമാണെന്നുള്ളത് അതാത് ഇ.എസ്.ഐ കോർപ്പറേഷൻ റീജിയണൽ ഓഫീസർമാരെ അറിയിക്കേണ്ടതാണെന്നും അവരുടെ സേവനം സ്ഥാപനങ്ങളിൽ ലഭ്യമാക്കി തരേണ്ടതാണെന്നും അറിയിക്കുക. (റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ് തലത്തിൽ)

7. 2016 and 2017 വർഷത്തെ Speciality bill കളുടെ Auditing റീജയണൽ ഡെപ്യൂട്ടി ഡയറക്ടർ ലെവലിൽ ഉടനെ നടത്തേണ്ടതാണ്. Audit team നെ ഉൾപ്പെടുത്തി കത്ത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുക. (Audit Section Superintendent).

8. Digital Token Display System ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ അതിന്റെ ഇപ്പോഴത്തെ പ്രവർത്തനക്ഷമത അടക്കമുള്ള ഒരു റിപ്പോർട്ട് നൽകേണ്ടതാണ്. (ആശുപത്രി സൂപ്രണ്ടുമാർ, മെഡിക്കൽ ഓഫീസർമാർ)

9. പ്ലാൻ ഫണ്ട് മുഖേന ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുള്ള സ്ഥാപനങ്ങൾ സാധനങ്ങളുടെ വിവരം സ്റ്റോക്ക് എൻട്രി വരുത്തി ഇൻവോയിസ് സാക്ഷ്യപ്പെടുത്തി ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്. (ആശുപത്രി സൂപ്രണ്ടുമാർ).

10. 01-06-2018 മുതൽ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ സ്വീകരിച്ചിട്ടുള്ള 6,000 രൂപയിൽ താഴെ വരുന്ന ഉപഭോക്താക്കളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ അതാത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ തന്നെ 'BIMS' വഴി ഉപഭോക്താക്കൾക്ക് തുക നൽകേണ്ടതാണ്. ആവശ്യാനുസൃതം അലോട്ട്മെന്റ് ലഭ്യമാക്കേണ്ടതാണ്.

11) എല്ലാ ആശുപത്രികളിലും Digital display യുള്ള; സ്ഥാപനത്തിന്റെ പേരെഴുതിയ; ഒരു ബോർഡ് എച്ച്.ഡി.സി. മുഖേന വാങ്ങി വെയ്ക്കേണ്ടതാണ്. സ്ഥാപനത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും display-ൽ വരേണ്ടതാണ്.

12) ഈ വകുപ്പിന് കീഴിലുള്ള എല്ലാ ഇ.എസ്.ഐ. ഡിസ്പെൻസറികളിലും (143) ഉത്തരവ് നം: ഡി2-13006/14/ഡി.ഐ.എം.എസ് തീയതി,29-03-2017 പ്രകാരവും ഡി2-13006/14/ഡി.ഐ.എം.എസ് തീയതി, 19-01-2018 പ്രകാരവും 690, 1200, എന്നീ പ്ലാനുകളിലുള്ള ഇൻറർനെറ്റ് കണക്ഷൻ നല്കിയിട്ടുള്ളതും, ഇതല്ലാതെ മറ്റേതെങ്കിലും BSNL Plan നിലവിലുണ്ടെങ്കിൽ അത് മാറ്റേണ്ടതാണെന്നും കഴിഞ്ഞ കാലങ്ങളിലെ bimonthly meeting-കളിൽ ആവശ്യപ്പെട്ടിട്ടും ഇപ്പോഴും Internet connection ലഭിച്ചിട്ടില്ല എന്നും കണക്ഷൻ വർക്ക് ചെയ്യുന്നില്ല എന്നും മീറ്റിംഗുകളിൽ ആവശ്യമുണർന്ന സാഹചര്യത്തിൽ എല്ലാ ഡിസ്പെൻസറികളും ബന്ധപ്പെട്ട ടെലിഫോൺ എക്സേഞ്ചുമായി അടിയന്തിരമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ കണക്ഷനുകൾ തന്നെയാണ് നിലവിലുള്ളതെന്ന് ഉറപ്പാക്കി അടുത്ത യോഗത്തിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിരിക്കുന്ന ഡിസ്പെൻസറികളുടെ ടെലഫോൺ നമ്പർ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഡിസ്പെൻസറി ഉറപ്പുവരുത്തി, വിവരം അധികൃതർ റിപ്പോർട്ടിൽ പരാമർശിക്കേണ്ടതാണ്.

13. സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സപ്ലൈ ചെയ്തിട്ടുള്ള കംമ്പ്യൂട്ടർ, മോഡം, പ്രിന്റർ എന്നിവ 5 വർഷ OEM (Original Equipment Manufacture) warranty ഉള്ളതാണ്. ഈ ഉപകരണങ്ങൾ, പ്രവർത്തനക്ഷമം അല്ലാത്ത പക്ഷം ഇതിന്റെ പ്രാഥമിക

പരിശോധന (Power on ആണോ, Physically damaged ആണോ etc) എന്നിവ നടത്തി hardware complaint ആണ് എന്ന് ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ട OEM -( Original Equipment Manufacture) -ന്റെ വെബ്സൈറ്റ് വഴിയോ, ടോൾ ഫ്രീ നമ്പർ വഴിയോ പരാതി Original Equipment Manufacture -ൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇത്തരം hardware complaint ഉള്ള equipments OEM പരിഹരിച്ച് നൽകുന്നതാണ്. ഓരോ പ്രാവശ്യവും ബന്ധപ്പെട്ട അംഗീകൃത ആളുകളുടെ കൈയ്യിൽ നിന്ന് സർവ്വീസ് call റിപ്പോർട്ടും വാങ്ങിയിരിക്കേണ്ടതാണ്. Hardware Complaint ആണോ അല്ലയോ എന്നുള്ള പ്രാഥമിക പരിശോധനയ്ക്ക് വേണ്ടി പരിസരത്ത് ലഭ്യമായിട്ടുള്ള ടെക്നീഷ്യൻമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ് ( അനുവദനീയമായ delegation of powers (financial) -ൽ നിന്നു കൊണ്ട്) .

കംപ്യൂട്ടറിൽ ഉള്ള സോഫ്റ്റ് വെയർ Corrupted ആകുക, പ്രിന്റർ ഇൻസ്റ്റാൾ ചെയ്യുക തുടങ്ങിയ പ്രവർത്തികൾക്കും localy available ആയിട്ടുള്ള സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഉപകരണങ്ങൾ തുറന്ന് പരിശോധിക്കേണ്ടതോ, റിപ്പയർ ചെയ്യേണ്ടതോ ആയ വിഷയങ്ങൾ OEM (authorised persons by OEM) അല്ലാതെ മറ്റാരേയും ചുമതലപ്പെടുത്തരുത്.

ഡിപ്പാർട്ട്മെന്റിന്റെ IT e-governance സംബന്ധമായ വിഷയങ്ങൾ egov.ims@kerala.gov.in എന്ന ഇ-മെയിൽ ID -ലേയ്ക്ക് അതാത് സമയങ്ങളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

14. കീഴ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ലീവ് അപേക്ഷ പലതും അപൂർണ്ണമായിട്ടാണ് എന്ന് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറിയിച്ചു ലീവ് അപേക്ഷ അതാത് കൺട്രോളിംഗ് ആഫീസർ ശുപാർശ ചെയ്തു തന്നെ അയയ്ക്കേണ്ടതാണ് അനാവശ്യമായി എടുക്കുന്ന ലീവുകൾ ഒഴിവാക്കേണ്ടതും, കൺട്രോളിംഗ് ഓഫീസർക്ക് ലീവ് അപേക്ഷയുടെ കാരണം genuine ആയിട്ടുള്ളതല്ലാ എന്ന് ബോധ്യപ്പെട്ടാൽ ലീവ് അപേക്ഷ "not recommended" എന്ന് രേഖപ്പെടുത്തി അയയ്ക്കാവുന്നതാണ് എന്നും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറിയിച്ചു

15. എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നടത്തിയതിന്റെ തീർപ്പാക്കാനുള്ള ബില്ലുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്ന പ്രൊഫോർമയിൽ എല്ലാ ആശുപത്രി സൂപ്രണ്ടുമാരും തുടർന്നുള്ള ബൈ മൻതിലി മീറ്റിംഗിൽ ഹാജരാക്കേണ്ടതാണ്.

**Statement showing pending Specialty /Super Specialty Bills**

| Name of Esi Hospital | | | | | | | |
|---|---|---|---|---|---|---|---|
| Sl No. | Name of tie up hospital | No.of bills received during the month of .........17/18 | Amount Claimed | No. of bills disposed duting the month of .......17/18 | Amount Sanctioned | No. of Pending bill at the end of ..........17/18 | Amount Claimed |
| | | | | | | | |

സ്പെഷ്യാലിറ്റി ചികിത്സയ്ക്കും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കും പ്രത്യേകം പ്രത്യേകം പ്രൊഫോർമ സമർപ്പിക്കേണ്ടതാണ്.

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് വേണ്ടി**

എസ്.റ്റി.ജെ/-

# Bimonthly Meeting 11.09.2018

| Sl. No | Name | Designation | Office | Mobile No |
|---|---|---|---|---|
| 1 | Dr.Ajitha Nair.R | Director | O/o DIMS | |
| 2 | Dr. M.S. Geetha Devi | Joint Director | O/o DIMS | 9495059060 |
| 3 | Kumari Beena.V.T | Senior Administrative Officer | O/o DIMS | 9968842969 |
| 4 | Dr.Chandramathy Karunakaran.A | | | 9846067176 |
| 5 | Dr. R.E.Glastin | Regional Deputy Director | | 9446700040 |
| 6 | Dr. Leena.V.I | | | 9446779694 |
| 7 | Dr. Jayasree.S | | | 9447450623 |
| 8 | Dr. Jameela.K.M | | | 9446683088 |
| 9 | Dr.Omana.V.K | Superintendent (In-charge) | | 9447448140 |
| 10 | Dr. Anitha Bharathan | Superintendent | ESI Hospital, Vadavathoor | 9447119333 |
| 11 | Dr.Seninamma John | | | 8289888051 |
| 12 | Dr.Rema.P | | | 9447832422 |
| 13 | Jose.K.Biju | Senior Superintendent | | 9656900388 |
| 14 | Malini.B | Junior Superintendent | O/o DIMS | 9446536511 |
| 15 | George Thomas | Junior Superintendent | | 9947340827 |
| 16 | Dr.C.T.Augustin | Insurance Medical Officer | ESI Dispensary, Cherthala. | 9961452152 |
| 17 | Dr.Bindu Mary Francis | Insurance Medical Officer | ESI Dispensary, Pattathanam | 9847538136 |
| 18 | Dr.Hari Kumar.T.N | Superintendent (in-Charge) | | 9446033342 |
| 19 | Dr. Anil Kumar | Nodal Officer | North Zone, Kozhikode | 9847936366 |
| 20 | Dr. Satheesh Kumar.C | | | 9447467165 |
| 21 | Dr.Sen George | Insurance Medical Officer | ESI Hospital, Peroorkada | 9447002535 |
| 22 | Dr. Padmaja.M | Superintendent (in-charge) | ESI Hospital, Peroorkada | 9745447705 |
| 23 | Shyla Beevi.S | Finance Officer | O/o DIMS | 8547568176 |
| 24 | Dr. Ajitha.T.P | Deputy Director (homoeo) | O/o DIMS | 9446475694 |
| 25 | Syaly.V.Louis | Research Assistant | O/o DIMS | 9633747264 |
| 26 | Harrison.D.Perera | Junior Superintendent | O/o DIMS | 9400982633 |
| 27 | Anto John | Senior Superintendent | O/o DIMS | 9995068783 |
| 28 | C.V.Usha | Store Superintendent | O/o DIMS | 9495540154 |

Bury

For Director of Insurance Medical Services

GS/-